# Athmaraksha.org

നമ്മൾ ദൈവത്തിനു തിരിച്ചു നൽകേണ്ടത്?

## വ്യാജവാർത്തകളോ പരദൂഷണമോ അല്ല ആവശ്യം പ്രാർത്ഥനകളാണ്



സെന്റ് പീറ്റേഴ്സ് സ്ക്വയറിലെ ചത്വരത്തിലാണ് പാപ്പാ ഈ ആവശ്യം വിശ്വാസി കളെ അറിയിച്ചത്.

പോപ് മൊബൈലിലെ യാത്രയ്ക്കിടയിലും പാപ്പാ സരസമായാണ് സംസാരിച്ചത്. എല്ലാവർക്കും നല്ല പ്രഭാതം ആശംസിച്ചെങ്കിലും നല്ല അന്തരീക്ഷമല്ല ഉള്ളതെന്ന് പാപ്പാ തമാശരൂപത്തിൽ അഭിപ്രായപ്പെട്ടു. കാർമേഘാവൃതമായ ആകാശമായിരുന്നു അന്നു റോമിൽ.

മതബോധനപ്രഭാഷണത്തിൽ കുടുംബത്തെക്കുറിച്ചാണ് പാപ്പാ സംസാരിച്ചത്. എല്ലാവരോടും നല്ല പ്രഭാതം ആശംസിച്ചെങ്കിലും നല്ല അന്തരീക്ഷമല്ല ഉള്ളതെന്നും പാപ്പ തമാശരൂപത്തിൽ അഭിപ്രായപ്പെട്ടു. കാർമേഘാവൃതമായ ആകാശമായിരുന്നു റോമിന്റേത്. സഭയുടെ സർവ്വവിജ്ഞാനകോശമായ 'ഇവാഞ്ചലിയം വിറ്റ' യുടെ ഇരുപതാമത് വാർഷികമാണ് മാർച്ച് 25 ന് ആചരിക്കുന്നത്. ഒക്ടോബർ മാസത്തിൽ കുടുംബങ്ങൾക്കായുള്ള സിനഡിന്റെ രണ്ടാം ഘട്ടം നടത്താൻ തയ്യാറെടുക്കുന്ന അവസരത്തിൽ പാപ്പ എല്ലാ വിശ്വാസികളോടും പ്രത്യേക പ്രാർത്ഥന ആവശ്യപ്പെടുകയുണ്ടായി. ''പ്രാർത്ഥന തുടരാൻ ഞാൻ അഭ്യർത്ഥിക്കുന്നു. പോപ്പ്, കർദ്ദിനാൾമാർ, ബിഷപ്പുമാർ, പുരോഹിതർ, മതബോധനരംഗത്ത് പ്രവർത്തിക്കുന്നവർ തുടങ്ങി എല്ലാവർക്കുംവേണ്ടി നിരന്തരമായി പ്രാർത്ഥിക്കുക. പ്രാർത്ഥനയാണ് നമു ക്കാവശ്യം, അല്ലാതെ വ്യാജവാർത്തകളല്ല.'' പാപ്പാ ഉദ്ബോധിപ്പിച്ചു.

സഭയും കുടുംബങ്ങളും തമ്മിലുള്ള ഉടമ്പടി എന്നാണ് സിനഡിന്റെ രണ്ടാം ഘട്ടത്തെ പാപ്പാ വിശേഷിപ്പിച്ചത്. അതൊരിക്കലും അവസാനിക്കുന്നില്ല. സിനഡിന്റെ ഒന്നാം ഘട്ടം 2014-ൽ ആയിരുന്നു. സഭ മാതാവിനെപ്പോലെയാണ്. അവൾ ഒരിക്കലും തന്റെ കുടുംബം ക്ഷയിച്ചുപോകാൻ അനുവദിക്കുന്നില്ല. തന്റെ കുടുംബത്തെ സഹാ യിക്കുവാൻ സാധിക്കുന്നതെല്ലാം അവൾ ചെയ്യും.

വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയെ നിശിതമായി വിമർശിച്ചാണ് പാപ്പാ ജനറൽ ഓഡിയൻസ് അവസാനിപ്പിച്ചത്.